# കോട്ടക്കൽ ആര്യവൈദ്യശാല മൊബൈൽ യൂണിറ്റ് ഉദ്ഘാടനം

ഇരുളം (വയനാട്)

10.5.2009

കോട്ടയ്ക്കൽ ആര്യവൈദ്യശാല ആരംഭിക്കുന്ന സൗജന്യ ആയുർവേദ മൊബൈൽ യൂണിറ്റിന്റെ ഉദ്ഘാടനം അതീവസന്തോഷത്തോടെ നിർവഹിച്ചതായി അറിയിക്കുന്നു.

മഹാനായ വൈദ്യരത്നം പി.എസ്. വാരിയർ സ്ഥാപിച്ച കോട്ടയ്ക്കൽ ആര്യവൈദ്യശാല ഇന്ന് രാജ്യാന്തര പ്രശസ്തമായ ആതുരശുശ്രൂഷാ കേന്ദ്രമാണ്. ആയുർവേദത്തിന്റെ അപാര സാധ്യതകൾ ഉപയോഗപ്പെടുത്തി ജനസേവനം നടത്തുന്നതിൽ പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ് കോട്ടയ്ക്കൽ ആര്യവൈദ്യശാല. കേരളത്തിന്റെ മഹത്തായ ചികിത്സാപാരമ്പര്യം ഉയർത്തിപ്പിടിക്കുകയാണ് ഈ സ്ഥാപനം. വൈദ്യരത്നം പി.എസ്. വാര്യരുടെ പാത പിന്തുടർന്നുകൊണ്ട് ഡോക്ടർ പി.കെ. വാര്യരടക്കമുള്ള പിൻതലമുറയും മുന്നോട്ടു പോവുകയാണ്.

ഇപ്പോൾ പ്രതിദിനം ആയിരത്തിലേറെ നിർധന രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്ന ധർമാശുപത്രി കോട്ടയ്ക്കൽ വൈദ്യശാലയുടെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. അതിന്റെ ഭാഗമായാണ് മൊബൈൽ സൗജന്യ ക്ലിനിക് ആരംഭിക്കുന്നത്. സുനാമിയിൽ ഏറ്റവുമധികം ദുരിതങ്ങളുണ്ടായ ആറാട്ടുപുഴയിൽ കഴിഞ്ഞ

നവംബറിൽ സൗജന്യ ക്ലിനിക്ക് തുടങ്ങിയിട്ടുണ്ട്. ഈ സന്മനസ്സിന് ഡോക്ടർ പി.കെ. വാര്യരോടും മറ്റ് പ്രവർത്തകരോടും ഞാൻ കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഏറ്റവും വലിയ മനുഷ്യസ്നേഹമാണ് സൗജന്യമായ ആതുര ശുശ്രൂഷ. സമൂഹത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പാവപ്പെട്ട ജനവിഭാഗമാണ് ആദിവാസികൾ. ഔഷധസസ്യങ്ങൾ കണ്ടെത്തുന്ന തിലും സംരക്ഷിക്കുന്നതിലും നാട്ടുചികിത്സാവിധികൾ രൂപപ്പെടു ത്തുന്നതിലും ആദിവാസികൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. ദരിദ്രമായ ജീവിതസാഹചര്യങ്ങൾമൂലം ഏറ്റവുമധികം ആരോഗ്യ പ്രശ്നങ്ങൾ അനുഭവിക്കുന്നവരാണ് ആദിവാസികൾ. അവർക്ക് ഏറ്റവും മികച്ച ആയുർവേദ ചികിത്സയും ഔഷധങ്ങളും സൗജന്യ മായി ലഭ്യമാക്കുകയാണ് ഈ മൊബൈൽ ക്ലിനിക്കിന്റെ പ്രാഥമിക ലക്ഷ്യമെന്ന് ഞാൻ മനസ്സിലാക്കുന്നു. അതുപോലെ മറ്റ് പിന്നോക്ക പ്രദേശങ്ങളിലും ഇതിന്റെ സേവനം ലഭ്യമാകും. വൈദ്യൻ രോഗിയുടെ അടുത്തേക്ക് പോയി ചികിത്സ ലഭ്യമാക്കുക എന്നത് ഏറ്റവും മഹനീയമാണ്. അതുകൊണ്ട് കോട്ടക്കൽ ആര്യവൈദ്യശാല യുടെ ഈ സംരംഭം ഏറ്റവും മഹനീയമായ ഒരു പ്രസ്ഥാനമാണ്. സ്ഥാപനത്തിന്റെ സാധ്യതക്കനുസൃതം ഈ സംവിധാനം ഭാവിയിൽ കുറേക്കൂടി വ്യാപിപ്പിക്കാനും ശക്തിപ്പെടുത്താനും കഴിയട്ടെ എന്നാ ശംസിക്കുന്നു.

ആയുർവേദം ഏറ്റവും പാരമ്പര്യമുള്ളതും ഏറ്റവും ജനപ്രിയവുമായ ചികിത്സാ സമ്പ്രദായമാണ്. നമ്മുടെ പച്ചമരുന്നുകൾ ഉപയോഗിച്ച് ശാസ്ത്രീയമായി നിർമ്മിക്കുന്ന ഔഷധങ്ങൾ പാർശ്വഫലങ്ങളില്ലാ ത്തതാണ്. ഈ ചികിത്സാസമ്പ്രദായത്തെ വികസിപ്പിച്ചതിലും അതിന്

രാജ്യത്തിനകത്തും പുറത്തും കീർത്തി വർധിപ്പിച്ചതിലും പി.എസ്. വാര്യരുടെയും പിന്മുറക്കാരുടെയും പങ്ക് നിസ്തുലമാണ്.

ആയുർവേദ ചികിത്സയുമായി ബന്ധപ്പെട്ടു മാത്രം ആയിരക്കണക്കിനാളുകളാണ് ഇന്ന് വിദേശരാജ്യങ്ങളിൽ നിന്നും കേരളത്തിലെത്തുന്നത്. ഈ വർധിച്ച പ്രചാരം മുതലെടുത്തുകൊണ്ട് ആയുർവേദത്തെയും കേവലം കച്ചവടച്ചരക്കാക്കാൻ ശ്രമം നടക്കുന്നുണ്ട്. അനധികൃത ഉഴിച്ചിൽ കേന്ദ്രങ്ങൾ നടത്തുകയും ഉഴിച്ചിലിന്റെ മറവിൽ 'സെക്സ് ടൂറിസം' പ്രോത്സാഹിപ്പിക്കുയും ചെയ്യുന്ന സ്ഥിതിയുണ്ട്. നമ്മുടെ മഹത്തായ ആയുർവേദ പാരമ്പര്യത്തെ അങ്ങനെ ദുരുപയോഗപ്പെടുത്തുന്നതിനെതിരെ കർശന നടപടി സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് ഇതിനകം തന്നെ നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അതിനായി ഒരു നിയമം പ്രാബല്യത്തിലായിരിക്കുന്നു. അതുപോലെ ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാനും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ആയുർവേദ ചികിത്സാരീതിയെ പുഷ്ടിപ്പെടുന്നതിലും ഗവേഷണം നടത്തുന്നതിലും ഔഷധനിർമ്മാണമെല്ലാം കോട്ടക്കൽ ആര്യവൈദ്യശാല പ്രസ്ഥാനത്തിന്റെ നേതൃത്വപരമായ പങ്ക് പരക്കെ അംഗീകരിക്കപ്പെട്ടതാണ്. കേരളത്തിന്റെ സാമൂഹ്യ-സാംസ്കാരികരംഗങ്ങളിലാകെ തനതായ സംഭാവന നൽകാനും പി.എസ്. വാരിയർ ആരംഭിച്ച ഈ പ്രസ്ഥാനത്തിനു കഴിഞ്ഞിട്ടുണ്ട്.

ഇപ്പോൾ ആരംഭിച്ച സഞ്ചരിക്കുന്ന സൗജന്യ വൈദ്യശാല പാവങ്ങൾക്ക് വലിയ സഹായകമാകും. ഇതിന്റെ സേവനം

പ്രയോജനകരപ്പെടുത്താൻ എല്ലാവരും സഹകരിക്കണമെന്നും ക്ലിനിക്ക് വിജയകരമാകട്ടെ എന്നാശംസിച്ചുകൊണ്ടും നിർത്തുന്നു.

നന്ദി, നമസ്ക്കാരം.

✸✸✸✸✸✸✸✸✸✸